**കേരള കാർഷിക സർവ്വകലാശാല**
**സുഗന്ധതൈല ഔ ഷധസസ്യ ഗവേഷണകേന്ദ്രം, ഓടക്കാലി,**
**അശമന്നൂർ പി.ഒ. 683549**

എ/1045/22(ii) തീയതി :29.11.2024

## <u>ക്വട്ടേഷൻ നോട്ടീസ് (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിങ് ജോലികൾ)</u>

സൂചന: 03.03.2001 തീയ്യതിയിലെ ജിഎ/എഫ്2/13253/2000 നം. ഉത്തരവ്.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിലേക്ക് താഴെ പറയുന്ന നിരക്കിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിങ് ജോലികൾ ചെയ്യുന്നതിന് ഈ ജോലികളിൽ പരിചയമുള്ള / പരിശീലനം ലഭിച്ചിട്ടുള്ള സ്ത്രീകളിൽ നിന്നും, സൂചനയിലെ കാഷ്വൽ തൊഴിലാളികളുടെ നിയമനത്തിനായി ഈ കേന്ദ്രത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട താത്പര്യമുള്ള പുരുഷ തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു.

ബഡ്/ ഗ്രാഫ്റ്റ്/ ലയർ ചെയ്ത് നൽകുന്നതിന് ആവശ്യമായുള്ള നടീൽ വസ്തുക്കളുടെ പേര്, ഏകദേശ എണ്ണം, കൂലി നിരക്ക് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | നടീൽ വസ്തുക്കൾ | ഒരു വർഷത്തെ ഏകദേശ എണ്ണം | മുളയെടുത്ത തൈയൊന്നിന് വേരുപിടിച്ച ലയർ ഒന്നിന് നൽകുന്ന കൂലി നിരക്ക് |
|---|---|---|---|
| 1. | പ്ലാവ് ബഡ് തൈകൾ/ ഗ്രാഫ്റ്റ് തൈകൾ | 5000 | 10/- രൂപ |
| 2. | കുടമ്പുളി ഗ്രാഫ്റ്റ് | 2000 | 10/- രൂപ |
| 3. | മാവ് (ബഡ് /ഗ്രാഫ്റ്റ്) തൈകൾ | 7000 | 10/- രൂപ |
| 4. | സപ്പോട്ട ഗ്രാഫ്റ്റ് | 1000 | 12/- രൂപ |
| 5. | റംബൂട്ടാൻ ബഡ് തൈകൾ | 2000 | 12/- രൂപ |
| 6. | പതിവയ്ക്കൽ (layering) (കറുവ, ചാമ്പ, പേര, നാരകം, മരുന്നു ചെടികൾ) | 2000 | 10/- രൂപ |
| 7. | ജാതി ബഡ് തൈകൾ | 4000 | 40/- രൂപ |

**<u>നിബന്ധനകൾ</u>**

1. ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന തരത്തിൽ മേൽ പ്രസ്താവിച്ച തോതിൽ തൃപ്തികരമായ രീതിയിൽ ജോലി നടത്തേണ്ടതാണ്.
2. ജോലിക്ക് ഹാജരാകുന്ന ഏതൊരാളുടെയും ജോലി തൃപ്തികരമല്ലെങ്കിൽ ടിയാളെ ജോലിയിൽ നിന്നും മാറ്റി നിർത്താനുള്ള അധികാരം സ്റ്റേഷൻ മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. ഓരോ ജോലിക്കും തൊഴിൽ വൈദഗ്ധ്യമുള്ള ആരോഗ്യമുള്ള 18 നും 60 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളെ വേണം ജോലിക്ക് ഹാജരാക്കുവാൻ.
3. ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ജോലികൾക്കുള്ള പരിശീലനം ഈ സ്റ്റേഷനിൽ നിന്നും എടുത്തിട്ടുണ്ടാകണം അല്ലെങ്കിൽ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള പരിശീലനം അല്ലെങ്കിൽ പ്രൈവറ്റ് നഴ്സറികളിൽ നിന്ന് ചെയ്തുള്ള പരിശീലനം ഉണ്ടായിരിക്കണം.

4. പരിചയക്കുറവ് മൂലം മൂലകാണ്ഡ സസ്യങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയോ വിജയ ശതമാനം കുറയുകയോ ചെയ്യാൻ പാടില്ല.
5. ജോലി പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ യുള്ള സമയത്ത് ചെയ്യാവുന്നതാണ്
6. ഓരോ മാസാവസാനവും വേരുപിടിച്ച ലയർ/ ഒട്ടുമുകുളം മൂന്നോ നാലോ ഇല പരുവത്തിൽ വളർന്ന തൈകളുടെ എണ്ണം നോക്കിയായിരിക്കും തുക നൽകുക
7. മൂലകാണ്ഡ സസ്യങ്ങൾ(rootstock) ഈ സ്റ്റേഷനിൽ ലഭ്യമാണ്
8. ബഡ് ചെയ്യുന്നതിനാവശ്യമായ ഒട്ടു കമ്പ് സ്റ്റേഷനിലെ മാതൃവൃക്ഷങ്ങളിൽ നിന്നും ശേഖരിച്ച് ഗവേഷണ കേന്ദ്രത്തിൽ വച്ച് ബഡിങ് നടത്തേണ്ടതാണ്.
9. ബഡിങ് ടേപ്പ്, സിപ്പ് അപ് കവർ, വളച്ച് കെട്ടുന്നതിനാവശ്യമായ പ്ലാസ്റ്റിക് വള്ളികൾ, ലെയറിങ്ങിനാവശ്യമായ വസ്തുക്കൾ, ഇവിടെ നിന്നും നൽകുന്നതാണ്.
10. ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിങ് എന്നിവയ്ക്ക് ആവശ്യമായ കത്തികൾ കൊണ്ടുവരേണ്ടതാണ്.
11. ലയർ/ ഒട്ടു തൈകൾ പിടിക്കുന്നതുവരെയുള്ള നന, തണൽ ക്രമീകരണം, 3-4 ഇല പ്രായം വരെ പരിചരണം, എന്നിവ ക്വട്ടേഷൻ നൽകുന്നവരുടെ ചുമതലയിലാണ് നിർവഹിക്കേണ്ടത്. ജലസേചനത്തിന് ആവശ്യമായ ജലം, പൈപ്പുകൾ, തുടങ്ങിയവ സ്റ്റേഷനിൽ നിന്നും നൽകുന്നതാണ് .
12. ഓരോ മാസാവസാനവും വേരുപിടിച്ച ലയർ/ മുകുളം എടുത്ത 3-4 ഇല പ്രായമായ ബഡ് തൈകളാണ് സ്റ്റേഷന് കൈമാറേണ്ടത് .
13. അതാതു ദിവസം ചെയ്ത തൈകൾ, ഇനം അനുസരിച്ച് ലേബൽ ചെയ്ത് അതാത് സ്ഥലത്ത് നിരയായി അടുക്കിവച്ച് എണ്ണം രജിസ്റ്ററിൽ രേഖപ്പെടുത്തിക്കേണ്ടതാണ്.
14. അവധി ദിവസങ്ങളിൽ ആവശ്യമെങ്കിൽ ടി കേന്ദ്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയത്ത് ചെടികൾ വന്ന് നനയ്ക്കേണ്ടതാണ്.
15. ഇപ്രകാരം ജോലി എറ്റെടുക്കുന്ന തൊഴിലാളികൾക്ക് സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ മുൻഗണനകളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല. ജോലിസമയത്ത് ജോലികൾ എറ്റെടുക്കുന്നവർക്കോ അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കോ ജോലിക്കിടയിലോ മറ്റുസമയങ്ങളിലോ ഉ□ ാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാധ്യതയും ഉ□ ായിരിക്കുന്നതല്ല. തൊഴിലാളികൾക്കാവശ്യമായ ഇൻഷുറൻസ് പരിരക്ഷ കരാറുകാരന്റെ/കരാറുകാരിയുടെ ചുമതലയായിരിക്കും.
16. കരാർ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി 2 ദിവസത്തിനുള്ളിൽ 1000/- രൂപ (ആയിരം രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കുകയും നിബന്ധനകൾ ഉൾക്കൊള്ളുന്ന ധാരണാപത്രം 200/- രൂപ മുദ്രപത്രത്തിൽ ഒപ്പിട്ടു നൽകുകയും ചെയ്യണം. സെക്യൂരിറ്റി തുക കരാർ കാലാവധിക്കുശേഷം ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്കുവിധേയമായി തിരിച്ചുകൊടുക്കുന്നതാണ്.
17. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ആദായനികുതി നിരക്കുകൾ ജോലികൾ എറ്റെടുത്തിട്ടുള്ള കരാറുകാരിയിൽനിന്നും ഈടാക്കുന്നതാണ്. (നിലവിലുള്ള നിരക്ക്: 1% നികുതി)
18. കരാറുകാർ അവർ ലഭ്യമാക്കുന്ന സ്ത്രീ തൊഴിലാളികളുടെയും കൃത്യവിലോപം, അശ്രദ്ധ മുതലായവ മൂലം ഫാമിനു□ ാവുന്ന നഷ്ടങ്ങൾക്ക് കരാറുകാർ തന്നെ ഉത്തരവാദി ആയിരിക്കുന്നതും ആ നഷ്ടം കരാറുകാരൻ/കരാറുകാരിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
19. സർക്കാർ ക്വൊട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വൊട്ടേഷനും ബാധകമായിരിക്കും
20. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്.

**ക്വട്ടേഷനുകൾ 06.12.2024 തീയ്യതിയിൽ 2.30 PM മണിക്ക് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതാണ്.**

(ഒപ്പ്)
ഡോ. ആൻസി ജോസഫ്
പ്രൊഫസർ & ഹെഡ്

To: നോട്ടീസ് ബോർഡ് (ഓഫീസ്, ഫാം ഓഫീസ്, വിൽപ്പന കേന്ദ്രം)
Copy To: പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡുകൾ, ഫാം മാനേജർ